# മധുരമായ കുട്ടികളെ - ഒരു കർമ്മവും വികർമ്മമാകരുത്, ഇക്കാര്യത്തിൽ പൂർണ്ണ മായും ശ്രദ്ധിക്കണം. ഓരോ ചുവടിലും ബാബയുടെ ശ്രീമത് സ്വീകരിച്ച് കർമ്മത്തി ലേക്ക് വരണം.

**ചോദ്യം** : വികർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ആർക്കു സാധിക്കും?ബാബയുടെ സഹായം ആർക്കാണ് ലഭിക്കുന്നത്?

**ഉത്തരം** : ബാബയോട് സദാ സത്യമായിരിക്കുന്നവർക്കും വികാരങ്ങളെ ദാനം ചെയ്തു എന്ന് പ്രതിജ്ഞ എടുത്തിട്ട് തിരിച്ചെടുക്കാൻ സങ്കല്പം വരാത്തവർക്കും വികർമ്മങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുന്നു. കർമ്മം വികർമ്മമാകുന്നതിന് മുൻപ് നിർദ്ദേശമെടുക്കുന്നവർക്ക്, സാകാരബാബയോട് തന്റെ സത്യം സത്യമായ വാർത്തകൾ പറയുന്നവർക്ക് ബാബയുടെ സഹായം ലഭിക്കുന്നു. ബാബ പറയുന്നു - കുട്ടികളേ, സർജന്റെ മുമ്പിൽ ഒരിക്കലും തന്റെ രോഗത്തെ കുറിച്ച് മറച്ച് വയ്ക്കരുത്. പാപം ഒളിപ്പിച്ചാൽ അത് വർദ്ധിച്ചുകൊണ്ടിരിക്കും, പദവി ഭ്രഷ്ടമാകും, ശിക്ഷകൾ അനുഭവിക്കേണ്ടി വരും.

**ഗീതം:** - കുട്ടിക്കാല ദിനങ്ങൾ മറക്കരുത്....

**ഓംശാന്തി** : കുട്ടികൾ ഗീതം കേട്ടുവല്ലോ അതായത് ബാബ കുട്ടികൾക്ക് മുന്നറിയിപ്പ് നൽകുന്നു - ഹേ കുട്ടികളേ, നിങ്ങൾ വന്ന് ഈശ്വരന്റേതായി മാത്രമല്ല ഞങ്ങൾ ഈശ്വരന്റെ സന്താനമാണെന്നും അറിയാം. ബാബ ഗോഡ് ഫാദറാണെന്ന് ലോകത്തിലുള്ളവരെല്ലാം അംഗീകരിക്കുന്നുണ്ട്. അച്ഛൻ എന്നാൽ നാം ഈശ്വരന്റെ സന്താനങ്ങളായില്ലേ. പരമപിതാവ് കുട്ടികളേ എന്നേ വിളിക്കൂ. നിങ്ങൾ ലൗകീക അച്ഛന്റെ കുട്ടികളാണ് എന്നാൽ ഇപ്പോൾ പാരലൗകീക അച്ഛന്റേതുമായിരിക്കുകയാണ്. എന്തിനു വേണ്ടി? പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ ആസ്തി നേടുന്നതിനായി. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, സ്വർഗ്ഗത്തിൽ തീർച്ചയായും ദേവതകളുടെ രാജ്യാധികാരമാണ്. ഇതറിഞ്ഞിട്ടാണ് നിങ്ങൾ കുട്ടികളായിരിക്കുന്നത്. രാജാവിന് അഥവാ കുട്ടികളില്ലായെങ്കിൽ ദത്തെടുക്കുന്നു. കുട്ടികളെ കൊടുക്കുന്നതും ധനികർക്കായിരിക്കും, ഒരിക്കലും ദരിദ്രർക്ക് കൊടുക്കില്ല. എന്തെങ്കിലും ലാഭമുണ്ടാകും, അതുകൊണ്ടാണ് ദത്തെടുക്കുന്നതിന് കുട്ടിയെ കൊടുക്കാൻ സമ്മതിക്കുന്നത്. നാം ഈശ്വരന്റേതായിരിക്കുകയാണ്, ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നു. ഇങ്ങനെയുള്ള അച്ഛനെ ഒരിക്കലും മറക്കാൻ പാടില്ല, ബാബയുടെ മതമനുസരിച്ച് നടക്കണം. രാവണന്റെ മതമനുസരിച്ചാണെങ്കിൽ വികർമ്മം ചെയ്തുകൊണ്ടിരിക്കും. ഈ 5 വികാരങ്ങൾക്ക് വശപ്പെടരുത്. എവിടെയെങ്കിലും വഞ്ചിപ്പിക്കുന്നതായി കാണുന്നു എങ്കിൽ ഉടനെ ബാബയോട് പറഞ്ഞ് നിർദ്ദേശം എടുക്കൂ. കർമ്മം വികർമ്മമാകുന്നതിനു മുൻപായി ചോദിക്കണം- ബാബാ ഞങ്ങൾ ഇത് ചെയ്യാമോ! ഒരിക്കലും ദേഹാഭിമാനത്തിലേക്ക് വരരുതെന്ന് അപ്പോൾ മനസ്സിലാക്കി തരും. ഓരോ ചുവടിലും തന്നെ ആത്മാവാണെന്ന് മനസിലാക്കി പരമപിതാ പരമാത്മാവിന്റെ നിർദ്ദേശമനുസരിച്ച് നടന്നുകൊണ്ടിരിക്കണം. എന്തെങ്കിലും കാര്യം മനസിലാകുന്നില്ല എങ്കിൽ ചോദിക്കണം,അതായത് ബാബാ ഞാൻ ഇന്നയാളിൽ ആസക്തനാണ്, എന്നെ കാമത്തിന്റെ ഭൂതം ആക്രമിക്കുന്നു എന്ന് . കൊടുങ്കാറ്റുകൾ ഒരുപാട് വരും പക്ഷെ സ്വയത്തെ സംരക്ഷിക്കണം. ഗട്ടറിൽ വീണു എന്നാൽ പരിധിയില്ലാത്ത അച്ഛനെ മറന്ന് മുഖം കറുപ്പിച്ചു. ബാബ നിങ്ങളെ വെളുപ്പിക്കാൻ വന്നിരിക്കുകയാണ്. അതുകൊണ്ട് 5 വികാരങ്ങളുടെ കെണിയിൽ ഒരിക്കലും കുടുങ്ങരുത്. ദേഹാഭിമാനത്തിൽ വരുമ്പോളാണ് കുടുങ്ങുന്നത്. ദേഹിഅഭിമാനിയാണെങ്കിൽ ബാബയോട് പേടിയുണ്ടായിരിക്കും. വികാരങ്ങളിലേക്ക് പോകുമ്പോൾ വലിയ വികർമ്മമുണ്ടാകും. കാരണം നിങ്ങൾ വികാരങ്ങളെ ദാനം നല്കിയതാണ്. ദാനം നല്കിയ ശേഷം തിരിച്ചെടുത്താൽ ഹരിശ്ചന്ദ്രന്റെ ഉദാഹരണം പോലെയാകും അവസ്ഥ. ഇവിടെ പൈസയുടെ കാര്യമൊന്നുമില്ല. ഇവിടെ വികാരങ്ങളുടെ ദാനമാണ് ചെയ്യേണ്ടത്. നിങ്ങളുടെയടുത്തുള്ള മുള്ളുകളെ ദാനം നല്കൂ. പിന്നീട് ഒരിക്കലും കാര്യത്തിലേക്ക് കൊണ്ടുവരരുത്. തിരിച്ചെടുക്കണമെങ്കിൽ അറിയിക്കൂ. പറയുന്നില്ലായെങ്കിൽ പാപത്തിന്റെ വൃദ്ധിയുണ്ടായിക്കൊണ്ടിരിക്കും. വീണ്ടും വീണ്ടും വികാരത്തിലേക്ക് പോയിക്കൊണ്ടിരിക്കും. പറയുമ്പോൾ സഹായം ലഭിക്കും. നാം ശിവബാബയുടെ കുട്ടിയാണ്, ബാബയോട് പ്രതിജ്ഞ എടുത്തിട്ടുണ്ട്, ഒരിക്കലും പരാജയപ്പെടില്ല. ഇതാണ് 5 വികാരങ്ങളാകുന്ന ശത്രുവിനെ ജയിക്കുവാനുള്ള ബോക്സിംഗ്. അതിൽ ഒരിക്കലും പരാജയപ്പെടില്ല. അഥവാ വീണു എങ്കിൽ ശിവബാബ പെട്ടെന്ന് അറിയും. സകാരബാബയെ എഴുതി അറിയിക്കണമെന്ന് ആജ്ഞ ലഭിച്ചിട്ടുണ്ട്. എഴുതിയില്ലെങ്കിൽ വികർമ്മം വർദ്ധിച്ചുകൊണ്ടിരിക്കും കൂടാതെ നൂറ് മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരും. ബാബയോട് പറയുന്നതിലൂടെ പകുതി കുറയും. ലജ്ജ കാരണം വാർത്തകൾ പറയാത്ത ഒരുപാട് കുട്ടികളുണ്ട്.

എന്തെങ്കിലും മോശമായ രോഗമുണ്ടെങ്കിൽ സർജനോട് പറയാൻ മനസ് മടിക്കുന്നതുപോലെയാണ്. അപ്പോൾ സർജനെന്ത് പറയും? പിന്നെ പരിണാമമെന്താകും? അസുഖം വർദ്ധിച്ചുകൊണ്ടിരിക്കും. ബാബ മനസിലാക്കി തരുന്നു – കുട്ടികളേ, എന്തെങ്കിലും പാപമുണ്ടായാൽ ഒളിപ്പിച്ചുവെയ്ക്കരുത്. അല്ലെങ്കിൽ പൂർണ്ണമായും പദവി ഭ്രഷ്ടമാകും. കൂടാതെ കല്പ–കല്പാന്തരം ഇങ്ങനെ തന്നെ പദവി ഭ്രഷ്ടമാകും. പിന്നെ ജ്ഞാനമെടുക്കാൻ സാധിക്കില്ല. ബാബാ അവരുടെ ഗതി എന്താകും എന്ന് കുട്ടികൾ ചോദിക്കുന്നു. അവർ വളരെ ശിക്ഷ അനുഭവിക്കും. അന്ത്യവിധി ദിവസം ശിക്ഷകളുടെ കണക്ക് വഴക്കുകൾ അവസാനിക്കണമല്ലോ. കാശി കിണറിൽ ബലിയാകാറില്ലേ. സത്യം സത്യമായി ശിവന്റെ മേൽ ഇപ്പോൾ ബലിയാകുന്നത് നിങ്ങളാണ്. ആസ്തിയെടുക്കുവാൻ വേണ്ടിയാണ് ശിവന്റേതാകുന്നത്. ബാക്കി അവർ കാശികൽവർട്ടിൽ ബലിയാകുന്നത് ജീവഹത്യയാണ്. എന്നാൽ തീവ്രഭക്തിയാൽ ബലിയാകുന്നതുകൊണ്ട് ചെയ്ത പാപങ്ങളുടെ ശിക്ഷ അപ്പോൾ അനുഭവിച്ച് പാപം തീരുന്നു. എന്നാൽ പിന്നീട് പാപം ചെയ്യാൻ തുടങ്ങുന്നു. മോചിതനാകാൻ സാധിക്കുന്നില്ല. യോഗശക്തിയിലൂടെയാണ് പാപം ഭസ്മമാകുന്നത്. മായയുടെ രാജ്യത്തിൽ കർമ്മം വികർമ്മമാകുന്നു. സത്യയുഗത്തിൽ വികർമ്മമുണ്ടാവുകയില്ല കാരണം മായയുടെ രാജ്യമില്ല. ഇപ്പോൻ മുഴുവൻ ലോകവും ഭ്രഷ്ടാചാരിയാണ്. വികാരത്തിലേക്ക് പോകുന്നതാണ് ആദ്യ നമ്പറിലെ ഭ്രഷ്ടാചാരം. ജന്മം തന്നെ ഭ്രഷ്ടാചാരത്തിലൂടെയാണ് ഉണ്ടാകുന്നത്. അതുകാരണം അവർ പാപം തന്നെ ചെയ്യുന്നു. ഇത് രാവണന്റെ രാജ്യമാണ്. രാവണനെ കത്തിക്കുന്നു എന്നാൽ രാവണൻ എന്താണെന്ന് പൂർണ്ണമായും അറിയില്ല. 5 വികാരങ്ങളെയാണ് രാവണനെന്ന് വിളിക്കുന്നത്. സ്വർഗ്ഗത്തിൽ ഈ വികാരങ്ങളുണ്ടാവുകയില്ല അതുകൊണ്ടാണ് അതിനെ നിർവ്വികാരി ലോകമെന്ന് വിളിക്കുന്നത്. അവിടെ മറ്റൊരു രാജ്യം അല്ലെങ്കിൽ ഭൂഖണ്ഡം ഉണ്ടാവുകയില്ല. ഇസ്ലാമി, ബൗദ്ധി തുടങ്ങി സർവ്വരും പിന്നീട് വന്നതാണ്. അതും ആദ്യം സതോപ്രധാനമായിരിക്കും പിന്നീട് രാജ്യം തമോയിലേക്ക് വരുന്നു. സത്യ–ത്രേതായുഗത്തിൽ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. ഇപ്പോൾ പതുക്കെ പതുക്കെ സമ്പൂർണ്ണ വികാരികളായി. പൂർണ്ണമായും വികാരികളാകാൻ സമയമെടുക്കും. സത്യയുഗത്തിൽ 16 കല, പിന്നെ 14 കല പിന്നെ കലകൾ കുറയുന്നു. കാരണം ഇത് ഇറങ്ങുന്ന കലയുടെ സമയമാണ്. ഇപ്പോൾ നിങ്ങളുടെ കയറുന്ന കലയാണ്. രാമനാണ് കയറുന്ന കലയുണ്ടാക്കുന്നത്, ഇറങ്ങുന്ന കല രാവണനുണ്ടാക്കുന്നു. ചന്ദ്രന്റെ കല പതുക്കെ പതുക്കെ കുറഞ്ഞുപോകുന്നതുപോലെയാണ് ലോകത്തിന്റെ അവസ്ഥയും. ഇപ്പോൾ ഒരു കലയുമില്ല. ഇങ്ങനെയുള്ള സമയത്ത് ബാബ വന്ന് വീണ്ടും 16 കലയുള്ളവരാക്കുന്നു. ഈ മുഴുവൻ കളിയും ഭാരതത്തിലാണ് നടക്കുന്നത്. വർണ്ണങ്ങളും ഭാരതത്തിലാണുള്ളത്. അല്ലെങ്കിൽ 84 ജന്മങ്ങളുടെ കണക്ക് എവിടെയാണ്? ബാബ മനസിലാക്കി തരുന്നു ഇതാണ് കലിയുഗത്തിന്റെ ലോകം. കലിയുഗത്തിന്റെ അന്ത്യവും പിന്നെ സത്യയുഗത്തിന്റെ ആദിയും ഉണ്ടാകുന്നു. ദേവീ ദേവത ധർമ്മത്തിലുള്ളവർ ധർമ്മഭ്രഷ്ടർ, കർമ്മഭ്രഷ്ടരായി. അവർ പിന്നീട് വരും. നിങ്ങൾ വന്നില്ലേ. നോക്കൂ, വൃക്ഷത്തിന്റെ ഏറ്റവും മുകളിൽ ബ്രഹ്മാവ് നില്ക്കുന്നു. തമോപ്രധാനമാണ്, സതോപ്രധാനമാകുന്നതിനായി താഴെ തപസ് ചെയ്യുന്നു. ബ്രഹ്മാവ് തപസ് ചെയ്യുന്നതുപോലെ ബ്രഹ്മാകുമാരികളും ബ്രഹ്മാകുമാരന്മാരും ചെയ്യുന്നു. ഇപ്പോൾ ഈ ബ്രഹ്മാവ് സതോപ്രധാനമായിക്കൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിൽ പരമാത്മാവ് വന്ന് തന്റെ പരിചയം നല്കുന്നു. ഈ ബ്രഹ്മാവിന് പറഞ്ഞുകൊടുക്കുന്നതിനോടൊപ്പം കുട്ടികൾക്കും പറഞ്ഞുതരുന്നു. ബാബയും നിങ്ങൾ കുട്ടികളും ദേവതയാകുവാനായി കല്പ വൃക്ഷത്തിന്റെ താഴെ തപസു ചെയ്യുന്നു. ഈ ക്ഷേത്രം അതേപടി നിങ്ങളുടെ ജഡ ഓർമ്മചിഹ്നമാണ്. ബുദ്ധിമാന്മാരായ കുട്ടികളുണ്ടെങ്കിൽ പറയും ഇതാണ് ഏറ്റവും ശ്രേഷ്ഠമായ ക്ഷേത്രം, ഈ ക്ഷേത്രത്തിന്റെ മുഴുവൻ ചരിത്രവും ഭൂമിശാസ്ത്രവും പറയും. ഇതിൽ മമ്മയുണ്ട്, ബാബയുണ്ട്, കുട്ടികൾ തപസ് ചെയ്തുകൊണ്ടിരിക്കുന്നു. വിദേശത്തിലുള്ളവർ ഭാരതത്തിനെ സ്വർഗമാക്കിയ ബാബയുടെ ചരിത്രവും ഭൂമിശാസ്ത്രവും കേട്ടാൽ പറയും – ഇത് ഞങ്ങളുടെ അച്ഛന്റെ ക്ഷേത്രമാണ്, ആ അച്ഛനാണ് ഭാരതത്തിനെ സ്വർഗ്ഗമാക്കുന്നത്. ആ അച്ഛൻ ഇപ്പോൾ പ്രായോഗികമായി ഇവിടെ ഇരിക്കുന്നു. ഇതാർക്കുമറിയില്ല. ഈ സർവ്വ ചിത്രങ്ങളും അന്ധവിശ്വാസത്തിന്റേതാണ്, ഇതിനെ ഭൂതപൂജ എന്നു പറയുന്നു. പാവകളുടെ പൂജയാണ്. സിക്ക് ധർമ്മം സ്ഥാപിച്ച ഗുരുനാനാക്കിന്റെ ആത്മാവ് പുതിയതായിരുന്നു, നിർവ്വികാരിയായിരുന്നു. ആ ആത്മാവ് എവിടെ വന്നു? തീർച്ചയായും ഏതെങ്കിലും ശരീരത്തിൽ പ്രവേശിച്ച് കാണും. പവിത്ര ആത്മാവിന് ഒരിക്കലും ദുഃഖമുണ്ടാവുകയില്ല എന്നത് തീർച്ചയാണ്. ആദ്യം ആത്മാവ് സുഖം അനുഭവിക്കും പിന്നെ ദുഃഖമനുവഭിക്കും. അങ്ങനെയുള്ള ഒരു വികർമ്മവും ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ട് ദുഃഖമനുഭവിക്കണം! നമ്മളും ആദ്യം സമ്പൂർണ്ണരായിരുന്നു പിന്നീട് പതുക്കെ പതുക്കെ കലകൾ കുറയുന്നു. ഓരോ മനുഷ്യനും ഇങ്ങനെ സംഭവിക്കുന്നു. പതീത പാവനാ വരൂ... എന്ന് വിളിക്കുന്നു. എങ്കിൽ തീർച്ചയായും വന്ന് പാവന ലോകത്തിന്റെ സ്ഥാപന ചെയ്യും. കൂടാതെ പതീതലോകത്തിന്റെ വിനാശം ചെയ്യും. ബ്രഹ്മാവിലൂടെ സ്ഥാപനയും ശങ്കരനിലൂടെ വിനാശവും, എത്ര നല്ല രീതിയിലാണ് മനസിലാക്കി തരുന്നത്.ദേവീ ദേവതാധർമ്മത്തിലുള്ളവരുടെ ബുദ്ധിയിലേ ഈ ജ്ഞാനം ഇരിക്കൂ. അതുകൊണ്ടാണ് ഭക്തന്മാർക്ക് ഈ ജ്ഞാനം നല്കൂ എന്ന് ബാബ പറയുന്നത്. ആദ്യം ഞങ്ങൾ ദേവീ ദേവതാ

ധർമ്മത്തിലേതായിരുന്നു, പിന്നീട് അസുരൻമാരായി ഇത് ആർക്കുമേ അറിയില്ല. ലക്ഷ്മീനാരായണൻ 84 ജന്മങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ശൂദ്രരിൽ നിന്നും ബ്രാഹ്മണരാകുന്നു. പിന്നീട് വരുന്നവർ ബ്രാഹ്മണരാവില്ല. ആരുടെ ബുദ്ധിയിലാണോ കല്പം മുമ്പ് ഇരുന്നിരുന്നത് അവരുടെ ബുദ്ധിയിലേ ഇക്കാര്യങ്ങൾ ഇരിക്കൂ. അല്ലെങ്കിൽ വെളിയിൽ പോകുമ്പോൾ എല്ലാം തീരും. ഇവിടെ പരിശ്രമമുണ്ട്. മറ്റ് സ്ഥലങ്ങളിൽ കേവലം കഥകൾ മാത്രം കേട്ട് വീട്ടിൽ പോയി വികാരത്തിലേക്ക് വീഴുന്നു. ഗുരുവിനെ പൂർണ്ണമായും അനുകരിക്കുന്നില്ലെങ്കിൽ അനുയായികളെന്ന് എങ്ങനെ വിളിക്കാൻ സാധിക്കും. ഗുരുക്കന്മാരും അവരോടൊന്നും പറയാറില്ല. അഥവാ പറഞ്ഞാൽ ഒരു അനുയായി പോലും ഉണ്ടാവില്ല , പിന്നെ എവിടെ നിന്ന് കഴിക്കും! ഗൃഹസ്ഥികളുടെ അടുത്തുനിന്നാണ് കഴിക്കാറുള്ളത്.അത് കാരണം വികാരികളുടെ അടുത്തുപോയി ജന്മമെടുക്കേണ്ടി വരുന്നു. ദേവതകൾ സന്ന്യസിക്കാറില്ല. ഇത് പ്രവൃത്തി മാർഗ്ഗത്തിന്റെ സന്ന്യാസമാണ്. അത് നിവൃത്തിമാർഗ്ഗത്തിന്റെ സന്ന്യാസമാണ്. ബാബ വന്ന് പതീ,പത്നി രണ്ടുപേർക്കും മനസിലാക്കി തരുന്നു. കുട്ടികൾ സമ്പൂർണ്ണ പവിത്രമാകുകയാണെങ്കിൽ സമ്പൂർണ്ണ രാജ്യപദവി ലഭിക്കും. കുറച്ചേ പവിത്രമാകുന്നുള്ളു എങ്കിൽ കുറഞ്ഞ പദവിയേ ലഭിക്കൂ. അച്ഛനേയും അമ്മയേയും ഫോളോ ചെയ്യണം.

ബാബ പറയുന്നു-അച്ഛനേയും അമ്മയേയും പോലെ പരിശ്രമിച്ചാൽ സിംഹാസനധാരിയാകും. മുഖ്യമായ കാര്യം പവിത്രതയാണ്. ഇപ്പോൾ ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. ഞാൻ ആത്മാവാണ്, ബാബ കൂട്ടിക്കൊണ്ട് പോകാൻ വന്നിരിക്കുന്നു, പവിത്രമായാലേ പവിത്ര ലോകത്തിന്റെ അധികാരിയാകാൻ സാധിക്കൂ. കുംഭമേള എന്നു പറയാറുണ്ട്. അത് ത്രിവേണി തുടങ്ങി നദികളുടെ മേളയാണ്. അതിനെയാണ് സംഗമം എന്നു പറയുന്നത്. വാസ്തവത്തിൽ ഇതാണ് അനേക നദികളുടെയും സാഗരത്തിന്റെയും മേള. നിങ്ങൾ സർവ്വരും ജ്ഞാന നദികളാണ്, ബാബ ജ്ഞാന സാഗരനാണ്. എന്നിൽ യോഗം വെച്ചാൽ നിങ്ങൾ പതീതത്തിൽ നിന്ന് പാവനമാകുമെന്ന് ബാബ പറയുന്നു. എന്തായാലും മരിക്കണം അതിനുമുൻപ് ബാബയിൽ നിന്നും ആസ്തിയെടുക്കണം. അതുകൊണ്ട് ഇപ്പോൾ തന്നെ ഭക്തിയുടെ ഫലം ഭഗവാനിൽ നിന്നും എടുക്കാൻ സാധിക്കും. ഇല്ലെങ്കിൽ കരുതുക നിങ്ങൾ ഭക്തി ചെയ്തിട്ടില്ല. ഭക്തി ചെയ്താൽ മാത്രമേ വന്ന് രാജ്യഭാഗ്യം നേടൂ. ബാബ എത്ര നല്ല രീതിയിലാണ് മനസിലാക്കിതരുന്നത്. മറ്റ് സർവ്വരുടേയും ബുദ്ധിയിൽ ശാസ്ത്രങ്ങളേ ഉണ്ടാവുകയുള്ളു. ഇവിടെ ജ്ഞാനസാഗരനായ ബാബ മനസിലാക്കിത്തരുന്നു. അതുകൊണ്ട് നിങ്ങൾ ശ്രേഷ്ഠരായിക്കൊണ്ടിരിക്കുന്നു. രാജധാനി സ്ഥാപിക്കുന്നതിൽ എത്ര പരിശ്രമം ഉണ്ട്. രുദ്രജ്ഞാനയജ്ഞത്തിൽ വളരെ വിഘ്നങ്ങൾ ഉണ്ടാകുന്നു. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ദേഹാഭിമാനത്തിൽ വന്ന് ഒരിക്കലും വികാരങ്ങളുടെ കെണിയിൽ കുടുങ്ങരുത്. കർമ്മം വികർമ്മമാകാതിരിക്കുന്നതിനായി കർമ്മം ചെയ്യുന്നതിന് മുമ്പായി ബാബയിൽ നിന്ന് നിർദ്ദേശം എടുക്കണം.

2) അമ്മയേയും അച്ഛനേയും ഫോളോ ചെയ്യണം. ഉയർന്ന പദവിക്കായി തീർച്ചയായും സമ്പൂർണ്ണ പാവനമാകണം.

### വരദാനം:- സാക്ഷീസ്ഥിതിയുടെ അവസ്ഥയിലൂടെ പദവിയോടുകൂടി പാസ്സാകുന്നതിന്റെ സർട്ടിഫിക്കറ്റ് നേടുന്ന അശരീരിയായി ഭവിക്കട്ടെ.

പദവിടോടു കൂടി പാസ്സാകുന്നതിന്റെ സർട്ടിഫിക്കറ്റ് നേടുന്നതിന് വേണ്ടി മുഖവും മനസ്സും ഇവ രണ്ടിന്റെയും ശബ്ദത്തിന്നുപരി ശാന്തസ്വരൂപ സ്ഥിതിയിൽ സ്ഥിതി ചെയ്യാനുള്ള അഭ്യാസം വേണം. ആത്മാവ് ശാന്തിയുടെ സാഗരത്തിൽ മുഴുകിയിരിക്കണം. ഈ മധുരമായ ശാന്തിയുടെ അനുഭൂതി വളരെ പ്രിയപ്പെട്ടതാണ്. ശരീരത്തിനും മനസ്സിനും വിശ്രമം ലഭിക്കുന്നു. അന്തിമ സമയത്ത് ഈ അശരീരി ആകുന്നതിനുള്ള അഭ്യാസം തന്നെയാണ് പ്രയോജനത്തിൽ വരിക. ശരീരത്തിന്റെ എന്ത് തന്നെ കളി നടന്നുകൊണ്ടിരുന്നാലും അശരീരിയായി ആത്മാ സാക്ഷിയായി തന്റെ ശരീരത്തിന്റെ പാർട്ട് നോക്കൂ, എങ്കിൽ ഈ അവസ്ഥ അന്തിമത്തിൽ വിജയിയാക്കി മാറ്റും.

### സ്ലോഗൻ:- സർവ്വ ഗുണങ്ങളുടെയും ശക്തികളുടെയും അധികാരം പ്രാപ്തമാക്കുന്നതിന് വേണ്ടി ആജ്ഞാകാരിയാകൂ.

## അമൂല്യ ജ്ഞാന രത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

ഓരോ യജ്ഞ പുത്രന്മാരുടെയും പുത്രിമാരുടെയും സേവനങ്ങൾ എന്താണ്? അതായത് ഏതെങ്കിലും തെറ്റ് പറ്റിപ്പോയി എങ്കിൽ കേവലം അത് മനസ്സിലാക്കുക മാത്രമാണ്, എന്നതല്ല-മറിച്ച് അതോടൊപ്പം തന്റെ യോഗനിഷ്ഠയിലൂടെ അതിന്റെ പ്രശ്നത്തെ ആന്തരീകമായിത്തന്നെ അവസാനിപ്പിക്കുക, ഇത് തന്നെയാണ് നിങ്ങളുടെ സേവനം. സദാ തനിക്കുമേൽ ശ്രദ്ധ വെക്കുക, അതായത് ഞാൻ എങ്ങനെയുള്ള കർമ്മം ചെയ്യുന്നുവോ എന്നെ നോക്കി മറ്റുള്ളവരും ചെയ്യാൻ തുടങ്ങും. കേവലം വാചാ-കർമ്മണാ വരെ മാത്ര മല്ല അഥവാ മനസ്സുകൊണ്ട് പോലും എന്നിൽ ഏതെങ്കിലും അശുദ്ധ സങ്കൽപ്പം ഉണ്ടെങ്കിൽ അതിന്റെ വൈബ്രേഷൻ മറ്റുള്ളവരുടെയടുത്ത് സൂക്ഷ്മരീതിയിൽ പോയി പ്രഭാവം ചെലുത്തും, അത് പിന്നീട് കോളിളക്കം സൃഷ്ടിക്കും, അതിന്റെ ഭാരവും എനിക്കുമേൽ വരും. ഇത്രയും ശ്രദ്ധ സ്വയത്തിന് മേൽ വെക്കണം.

താങ്കൾ താങ്കളെപ്രതി വ്യക്തിപരമായി ഒരു സേവനവും സ്വീകരിക്കരുത്. അഥവാ ഏതെങ്കിലും തെറ്റ് സംഭവിച്ചുപോയാൽ മുതിർന്നവരിൽ നിന്ന് മുന്നറിയിപ്പ് ലഭിക്കുന്നതിന് മുമ്പ് സ്വയം സ്വയത്തെ ജ്ഞാന-ബുദ്ധി ബലത്തിലൂടെ മുന്നറിയിപ്പ് കൊടുത്ത് തെറ്റിനെ സദാകാലത്തേക്ക് തിരുത്തണം. ആരുടെയും ആധാരമെടുക്കരുത്, അതിന്റെ അർത്ഥം പിന്നെ ഇങ്ങനെയെടുക്കരുത്, അതായത് നിങ്ങൾക്ക് മുതിർന്നവ രുടെ ശിക്ഷണം കേൾക്കേണ്ടതില്ല എന്ന്, പക്ഷെ തെറ്റ് ചെയ്തതിന് ശേഷം മുകളിൽ നിന്ന് മുന്നറിയിപ്പ് ലഭിക്കുന്നതിന് മുമ്പേ തന്നെ തിരുത്തിയിരുന്നുവെങ്കിൽ ചെറിയ സൂചന ലഭിക്കുന്നതിലൂടെ തെറ്റിനെ പെട്ടെന്ന് തന്നെ മനസ്സിലാക്കാൻ കഴിയും. അല്ലെങ്കിൽ നോക്കൂ, മനസ്സിലാക്കിക്കൊടുക്കുന്നതിന് പോലും എത്ര പ്രയത്നിക്കേണ്ടി വരും. ശരി, ഓം ശാന്തി.